# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71   03.12.2014 -ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണങ്ങളെ കുറിച്ച് യൂണിസെഫ് നടത്തിയ പഠന റിപ്പോർട്ട്

### ചോദ്യം

ഡോ. ടി. എം. തോമസ് ഐസക്ക് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ :
പ്രൊഫ. സി. രവീന്ദ്രനാഥ് :

അട്ടപ്പാടിയിലെ പട്ടികഗോത്രവർഗ്ഗ വിഭാഗ ശിശുക്കളുടെ മരണത്തെക്കുറിച്ച് യൂണിസെഫ് നടത്തിയ പഠനറിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശുപാർശകളും എന്തൊക്കെയാണ് ; സർക്കാർ നടപ്പാക്കിയത് എന്തൊക്കെ കാര്യങ്ങളാണ് ;

### മറുപടി

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

അട്ടപ്പാടിയിലെ ശിശുക്കളുടെ മരണത്തെക്കുറിച്ച് യൂണിസെഫ് നടത്തിയ പഠനറിപ്പോർട്ടിലെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ്ഥാപനതലത്തിൽ കൈക്കൊണ്ട നടപടികൾ - ഗർഭകാല പരിചരണം

* ഗർഭകാല പരിചരണ സംബന്ധമായ പ്രോട്ടോകോൾ തയ്യാറാക്കുക.
* ഗർഭിണികളുടെ മുൻകൂട്ടിയുള്ള രജിസ്ട്രേഷൻ
* ഗർഭകാലത്തിലുള്ള വിളർച്ച തടയുകയും ചികിത്സാ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.
* അപകടകരമായ അവസ്ഥയിലുള്ള ഗർഭിണികളെ കണ്ടെത്തുന്നതിനും ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ.
* അടിസ്ഥാന ഗർഭകാല പരിചരണം, നവജാത ശിശു പരിചരണം തുടങ്ങിയവയിൽ പരിശീലനം
* എസ്.എൻ.സി.യു പ്രവർത്തനക്ഷമമാക്കുക.
* നവജാത ശിശു പരിചരണത്തിനാവശ്യമായ ഉപകരണങ്ങളുടെ സമയാസമയങ്ങളിലുള്ള പരിശോധനയും മെയ്ന്റനൻസും.
* ലേബർ റൂം, വാർഡുകൾ, ന്യൂബോൺ കോർണർ എന്നിവിടങ്ങളിലെ ശുചിത്വ സംവിധാനങ്ങൾ, ഇൻഫക്ഷൻ കൺട്രോൾ തുടങ്ങിയവയുടെ മെച്ചപ്പെടുത്തൽ.

(.....2)

* അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ വിവരശേഖരണവും ട്രാക്കിങ്ങും.

* സമാന ശിശുമരണങ്ങൾ തുടരാതിരിക്കുവാനുള്ള പ്രത്യേക നിരീക്ഷണം.

2. ഗർഭപൂർവ്വ പരിചരണം - ഗർഭപൂർവ്വ പരിചരണ സംബന്ധമായ പ്രോട്ടോകോൾ തയ്യാറാക്കുക, ഐ.എം.എൻ.സി.ഐ (ഇൻഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് നിയോനാറ്റൽ ആന്റ് ചൈൽഡ് ഹുഡ് ഇൽനസ്) മാർഗ്ഗ നിർദ്ദേശങ്ങൾ സ്ഥാപനതലത്തിൽ നടപ്പാക്കുക.

3. <u>സാമൂഹ്യ/ഗൃഹാധിഷ്ഠിത ഔട്ട് റീച്ച് സംവിധാനങ്ങൾ -</u>

* ഗൃഹാധിഷ്ഠിത ഗർഭപൂർവ്വ പരിചരണം ഉറപ്പാക്കുക.

* പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകൾ ക്രമീകരിക്കുന്നതിന് താൽക്കാലിക കുടുംബാസൂത്രണ മാർഗ്ഗങ്ങൾ എത്തിക്കുക.

* സാമൂഹ്യാധിഷ്ഠിതമായി സേവനങ്ങൾ എത്തിക്കുന്നതിന് ട്രൈബൽ വോളൻഡിയർമാരെ കണ്ടെത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

* സാമൂഹ്യ തലത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ -

  ഗർഭിണികളുടെ രജിസ്ട്രേഷൻ, പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകൾ, ശരിയായ മുലയൂട്ടൽ രീതികൾ, ഗർഭിണികളുടെ പോഷകാഹാരം മെച്ചപ്പെടുത്തൽ, വിളർച്ച തടയൽ, ഊരുകളിൽ ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, ശൈശവ വിവാഹം, നേരത്തെയുള്ള പ്രസവം എന്നിവ തടയൽ തുടങ്ങിയവ.

* ഗർഭകാല-ഗർഭ പൂർവ്വ അവസ്ഥകളിൽ അംഗൻവാടികളുമായി ബന്ധപ്പെടുത്തി മെച്ചപ്പെട്ട പോഷകാഹാരം, അയേൺ ഗുളികകൾ, വിറ്റാമിൻ എ തുടങ്ങിയവയും കുഞ്ഞുങ്ങളിലെ വയറിളക്കം തടയുന്നതിന് ഒ.ആർ.എസ്, സിങ്ക് തുടങ്ങിയവയും ഉറപ്പാക്കുക.

(....3)

**നടപ്പിലാക്കിയ കാര്യങ്ങൾ -:**

1. ഗർഭകാല പരിചരണ സംബന്ധമായ പ്രോട്ടോകോൾ യൂണിസെഫിന്റെ സഹായ ത്തോടെ തയ്യാറാക്കി നൽകി.

2. ഈ വർഷം ഇതുവരെ എം.സി.ടി.എസ് പ്രകാരം ഗർഭിണികളുടെ രജിസ്ട്രേഷൻ 45% പൂർത്തീകരിച്ചു.

3. ഗർഭകാലത്തിലുള്ള വിളർച്ച തടയുന്നതിന് 100 അയേൺ ഫോളിക് ആസിഡ് ഗുളിക കൾ വീതം ഗർഭിണികൾക്ക് നൽകുകയു ണ്ടായി.

4. ആരോഗ്യാവസ്ഥ തൃപ്തികരമല്ലാത്ത എല്ലാ ഗർഭിണികളെയും കണ്ടെത്തുന്ന തിനും ആശുപത്രിയിലേക്ക് റഫർ ചെയ്യുന്ന തിനും മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കി.

5. യൂണിസെഫിന്റെ സഹകരണാർത്ഥം അടിസ്ഥാന ഗർഭകാല പരിചരണം. നവജാത ശിശു പരിചരണം തുടങ്ങിയവ യിൽ ആശ, ജെ.പി.എച്ച്.എൻ. അംഗൻവാടി പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി.

6. എസ്.എൻ.സി.യു. പ്രവർത്തനക്ഷമമാക്കു വാൻ സാധിച്ചു.

7. ലേബർ റൂം, വാർഡുകൾ. ന്യൂബോൺ കോർണർ എന്നിവിടങ്ങളിലെ ശുചിത്വ സംവിധാനങ്ങൾ, ഇൻഫക്ഷൻ കൺട്രോൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് പ്രാരംഭ നടപടികൾ കൈക്കൊണ്ടു.

8. നവജാത ശിശു പരിചരണത്തിനാവശ്യ മായ ഉപകരണങ്ങളുടെ സമയാസമയങ്ങളി ലുള്ള പരിശോധനയും മെയ്ന്റനൻസും നടപ്പിലാക്കി വരുന്നു.

9. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ വിവര ശേഖരണവും ട്രാക്കിങ്ങും ലക്ഷ്യ മാക്കി ജാതക് / ജനനി സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കി അതുവഴി വിവിധ തലങ്ങളിലുള്ള മോണിറ്ററിംഗ് ശക്തമാക്കി.

10. ഗർഭപൂർവ്വ പരിചരണ സംബന്ധമായ പ്രോട്ടോകോൾ യൂണിസെഫിന്റെ സഹായ ത്തോടെ തയ്യാറാക്കുകയും ഐ.എം.എൻ. സി.ഐ (ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് നിയോനാറ്റൽ ആന്റ് ചൈൽഡ് ഹുഡ് ഇൽനസ്) മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃ തമായി ജെ.പി.എച്ച്.എൻ. മാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി.
11. ഗൃഹാധിഷ്ഠിത ഗർഭപൂർവ്വ പരിചരണം ഉറപ്പാക്കുന്നതിന് ആശ, ജെ.പി.എച്ച്.എൻ. അംഗൻവാടി പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി.
12. ട്രൈബൽ വോളന്റിയർമാർക്ക് വിവിധ പരിശീലനങ്ങൾ നൽകി.
13. സമഗ്ര ആരോഗ്യപദ്ധതിയുടെ ഭാഗമായി സാമൂഹ്യ വികസന പദ്ധതിയുടെ കീഴിൽ വിവിധ ബോധവൽക്കരണ പരിപാടികൾ തിരഞ്ഞെടുക്കപ്പെട്ട ഊരുകളിൽ നടപ്പി ലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗർഭിണികളുടെ രജിസ്ട്രേഷൻ, ശരിയായ മുലയൂട്ടൽ രീതികൾ, പോഷകാഹാരം മെച്ചപ്പെടുത്തൽ, വിളർച്ച തടയൽ, വ്യക്തി ശുചിത്വം തുടങ്ങിയ മേഖലകളിൽ ബോധ വൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതുകൂടാതെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ വഴി ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ക്ലാസുകൾ നടത്തി വരുന്നു.

| | |
|---|---|
| (ബി) ഡോ. ബി. ഇക്ബാലിന്റെ നേതൃത്വ ത്തിൽ ജനകീയ ആരോഗ്യപ്രവർത്തകർ പഠനം നടത്തി സർക്കാരിന് നൽകിയ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും അറിയിക്കാമോ ; | (ബി) അനുബന്ധമായി ചേർക്കുന്നു. |
| (സി) യൂണിസെഫ് വിദഗ്ദ്ധരുടെ റിപ്പോർട്ടും ജനകീയ ആരോഗ്യ പ്രവർത്തകരുടെ റിപ്പോർട്ടും അവഗണിച്ച് പ്രശ്നം പഠി ക്കാനായി പുതിയ സമിതിയെ നിയമി ച്ചത് പരാജയം മറയ്ക്കാനും അടിയന്തിര നടപടികൾ വൈകിക്കാനുമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിൽ ജനകീയ ആരോഗ്യപ്രവർത്തകർ പഠനം നടത്തി സർക്കാരിന് നൽകിയ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും.

**കണ്ടെത്തലുകൾ**

* ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിൽ ഗുരുതരമായ പോഷണ വൈകല്യങ്ങൾ ഉണ്ട്. ഇത് തൂക്കം കുറഞ്ഞ കുഞ്ഞുങ്ങൾ ജനിക്കുന്നതിനും ശിശു മരമത്തിനും ഇടയാകുന്നുണ്ട്.
* വിളർച്ച തടയുന്നതിനും ചികിത്സയ്ക്കുമുള്ള അയൺ ഫോളിക് ആസിഡ് തുടങ്ങിയ മരുന്നുകളുടെ ലഭ്യത നിലച്ചിരിക്കുകയാണ്. ഗർഭകാല പരിശോധനകളും പരിചരണങ്ങളും നടക്കുന്നില്ല.
* ടീം പരിശോധിച്ച കുട്ടികൾ വിളർച്ച മുരടിച്ചവരും പോഷകക്കുറവുള്ളവരുമായിരുന്നു.
* അംഗൻവാടികൾ പ്രവർത്തനരഹിതമാണ്. ഗോതമ്പ്, ഉപ്പുമാവ്, ചെറുപയർ എന്നിവ മാത്രമാണ് വിതരണം ചെയ്യുന്നത്. മുട്ട, പാൽ, നേന്ത്രപ്പഴം എന്നിവ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചെങ്കിലും വിതരണം നടക്കുന്നില്ല. അംഗൻവാടി സൂപ്പർവൈസർമാരുടെ ഏറെ ഒഴിവുകൾ ഉണ്ട്. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.റേഷൻ കാർഡ് വഴി വിതരണം ചെയ്യുന്ന അരി ആദിവാസികൾക്ക് സ്വീകാര്യമല്ലാത്തവയാണ്.
* ദേശീയ തൊഴിലുറപ്പ് പദ്ധതി നിലച്ചിരിക്കുകയാണ്.
* ആദിവാസികളുടെ തനത് ഭക്ഷ്യ, വിളകളായ റാഗി, ചോളം, വെരക്, തുവര, പയർ വർഗ്ഗങ്ങൾ തുടങ്ങിയവ ഇപ്പോൾ കൃഷി ചെയ്യുന്നില്ല. പകരം മറ്റ് പോഷകാഹാരം ലഭിക്കാതിരിക്കുകയും, ഉപജീവനമാർഗ്ഗം നിലച്ചതും പട്ടിണിക്കും തുടർ ആരോഗ്യ പ്രശ്നങ്ങൾക്കും ഇടയാക്കി.
* കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ പല തസ്തികകളും ജീവനക്കാരെ നിയമിച്ചിട്ടില്ല. ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ പൂർത്തീകരിച്ചിട്ടില്ല. അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ക്വാർട്ടേഴ്സ് വാസയോഗ്യമല്ലാത്തതായിരിക്കുകയാണ്.
* സബ്സെന്ററുകളിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനങ്ങളും ആശമാരുടെ പ്രവർത്തനവും തൃപ്തികരമല്ല.
* അട്ടപ്പാടിയിലെ ചികിത്സാ സൗകര്യങ്ങളുടെ കുറവ് കൊണ്ട് തമിഴ്നാട്ടിലെ ബഥനി ആശുപത്രിയെ ആശ്രയിക്കേണ്ടി വരുന്നു.
* അനൗദ്യോഗിക മദ്യ നിരോധിത മേഖലയാണ് അട്ടപ്പാടിയെങ്കിലും തമിഴ്നാട്ടിൽ നിന്നുള്ള മദ്യവും കള്ളവാറ്റ് വഴിയുണ്ടാകുന്ന മദ്യവും അട്ടപ്പാടിയിലെ ജനങ്ങൾ അമിതമായി ഉപയോഗിക്കുന്നു. കഞ്ചാവ് കൃഷിയും നടന്നു വരുന്നു. അഹാഡ്സ് പ്രവർത്തനങ്ങൾ നിലച്ചത് ഈ പ്രവർത്തനങ്ങൾ കൂടാൻ ഇടയാക്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം, നീർത്തട വികസനം, കാർഷിക പുനരുജ്ജീവനം തുടങ്ങിയ ലക്ഷ്യങ്ങളോടെ നടത്തി വന്നിരുന്ന അഹാഡ്സിന്റെ പ്രവർത്തനം 2010 -ൽ അവസാനിച്ചു. തുടർ കാർഷിക പാക്കേജ് നടപ്പിലാക്കാനും കഴിഞ്ഞിട്ടില്ല.
* ഊര് വികസന സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(.....2)

**നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.**

1. ഗുരുതരമായ പോഷണ വൈകല്യം പരിഹരിക്കാനായി പോഷണ പുനരധിവാസ കേന്ദ്രങ്ങൾ (ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ) ആരംഭിക്കുക.
2. അയൺ ഫോളിക് ആസിഡും അയൺ സുക്രോസും മുടക്കം കൂടാതെ നൽകുക.
3. റേഷൻ കടകളിൽ കൂടി റാഗ്, ചാമ, ചോളം, വെരക്, തുവര, തിന തുടങ്ങിയ ഭക്ഷണൾ കൂടി ഉൾപ്പെടുത്തുക.
4. ദേശീയ തൊഴിലുറപ്പ് പദ്ധതി പുനരാരംഭിക്കുക.
5. ഫീൽഡ് വർക്കർമാർ, ആശ, അംഗൻവാടി പ്രവർത്തകർ, ട്രൈബൽ പ്രൊമോട്ടർ മാർ എന്നിവർക്ക് പുനപരിശോധന നൽകുക. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
6. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
7. കള്ളവാറ്റും കഞ്ചാവ് കൃഷിയും അനധികൃത മദ്യ വിൽപ്പനയും തടയുക.
8. ഊരു വികസന സമിതിയുടെ പക്കലുള്ള പണം ഉപയോഗിക്കാൻ അനുവാദം നൽകുക.
9. ആദിവാസികളുടെ സമഗ്ര ആരോഗ്യ പോഷണ സർവ്വെ നടത്തുക.
10. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുക . കൂടുതൽ നിയമനം നടത്തുക, ക്വാർട്ടേഴ്സ് സൗകര്യം ഒരുക്കുക.
11. പട്ടിക വർഗ്ഗക്ഷേമം, ആരോഗ്യ കുടുംബക്ഷേമം, സാമൂഹ്യനീതി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുകളുടെ ഏകോപനം ഉറപ്പ് വരുത്താനായി ഐ.എ.എസ്. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുക .
12. കുറുംബ ഊരുകളിൽ താമസിക്കുന്നവർക്കായി പ്രാഥമിക ആരോഗ്യ കേന്ദ്രവും, സ്ക്കൂളും ആരംഭിക്കുക .
13. വനാവകാശ നിയമം നടപ്പിലാക്കുക.
14. കോട്ടപ്പാടി താലൂക്ക് സ്ഥാപിക്കുക .
15. കോട്ടത്തറ ട്രൈബൽ ആശുപത്രി ട്രൈബൽ മെഡിക്കൽ കോളേജാക്കുക.
16. അഹാഡ്സിന്റെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
17. ആദിവാസികളുടെ പരമ്പരാഗത കൃഷി രീതികൾ കൂടി സംയോജിപ്പിച്ച് കൊണ്ട് കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക, നീർതട വികസനം,ജലസേചന സൗകര്യങ്ങൾ വിപുലപ്പെടുത്തുക, വന-നദീ സംരക്ഷണം തുടങ്ങിയ ഹ്രസ്വ-ദീർഘ കാല പദ്ധതികൾ നടപ്പിലാക്കുക, ആദിവാസി കേന്ദ്രീകൃത അട്ടപ്പാടി വികസനം നടപ്പിലാക്കുക.
18. ആദിവാസി സംരക്ഷണം ബാധ്യതയോ ജീവകാരുണ്യമോ ആയി കാണാതെ പൊതുസമൂഹത്തിന്റെയും ഭരണാധികാരികളുടെയും കടമയും ചുമതലയുമായി കാണുക.

Sd/-
Section Officer